**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5408**

**01.07.2019 - ൽ മറുപടിക്ക്.**

## ഷൊർണ്ണൂർ മണ്ഡലത്തിലെ വ്യവസായ വികസനം

<u>ചോദ്യം</u>
ശ്രീ. പി. കെ. ശശി

<u>മറുപടി</u>
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ? | (എ) : ഷൊർണ്ണൂർ വ്യവസായ വികസന പ്ലോട്ടിൽ ഒരു ബഹുനില വ്യവസായ സമുച്ചയ നിർമ്മാണത്തിനായി 1 ഏക്കർ 32 സെന്റ് സ്ഥലം സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ പദ്ധതി അടങ്കൽ തുക 21,48,00,000/- രൂപയാണ്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് മുൻകൂറായി 3 കോടി രൂപ നൽകിയിട്ടുമുണ്ട്.<br>ഷൊർണ്ണൂർ മണ്ഡലത്തിൽ സംരംഭക സഹായ പദ്ധതി പ്രകാരം 14 യൂണിറ്റുകൾക്ക് 52.74 ലക്ഷം രൂപയും പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 20 യൂണിറ്റുകൾക്കായി 40.23 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

ക/17/06/19